# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4709** **23-07-2015 ൽ മറുപടിയ്ക്ക്**

## കാരുണ്യ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. ബി. സത്യൻ<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. എം. ഹംസ** | | **ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) | കാരുണ്യ പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശമുണ്ടോ; | (എ) | കാരുണ്യ ബനവലന്റ് ഫണ്ടിൽനിന്ന് ചികിത്സാ സഹായം നൽകുന്നതിനുള്ള വ്യവസ്ഥകളിൽ കാലാകാലങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലുള്ള വ്യവസ്ഥകളിൽ ഉടൻ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നില്ല. |
| (ബി) | അടിയന്തിരസാഹചര്യങ്ങളിൽ, ഹൃദയ ശസ്ത്രക്രിയ ഉൾപ്പെടെയുള്ളവയ്ക്ക് ആശുപത്രികളിൽ എത്തുന്ന പാവപ്പെട്ടയാളുകൾക്ക് കാരുണ്യയിൽ മുൻകൂട്ടി അപേക്ഷിക്കാൻ സാധിക്കാതിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | രോഗത്തെ തുടർന്ന് ആശുപത്രികളിൽ എത്തുകയും ഉടൻ ശസ്ത്രക്രിയക്ക് വിധേയമാകുകയും ചെയ്തവരുടെ കാര്യത്തിൽ, കാരുണ്യ സഹായം ലഭ്യമാക്കുന്നതിന് നിലവിൽ വ്യവസ്ഥ ഉണ്ടോ;<br>ചികിത്സയ്ക്ക് ശേഷം ബില്ലുകളുമായി കാരുണ്യ ആഫീസിലെത്തുന്ന പാവപ്പെട്ടവർക്ക് | (സി)<br>&<br>(ഡി) | അടിയന്തിര ഘട്ടങ്ങളിൽ, അപേക്ഷ നല്കുന്നതിനു മുൻപ് സർജറിക്ക് വിധേയരാകേണ്ടിവരുന്ന ഗുണഭോക്താക്കൾ സർജറി കഴിഞ്ഞ് 72 മണിക്കൂറിനുള്ളിൽ ബന്ധപ്പെട്ട ജില്ലാ ഭാഗ്യക്കുറി ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചാലും ധനസഹായത്തിനായി പരിഗണിക്കുന്നതാണ്. അപേക്ഷ ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ |

| | | |
|---|---|---|
| | ആനുകൂല്യം നിഷേധിക്കപ്പെടുന്ന സാഹചര്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിയ്ക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ; | സമർപ്പിച്ചതിനുശേഷം യഥാസമയം ചികിത്സാനുമതി ലഭിക്കുന്നതിനോ, തുക ആശുപത്രിയിൽ എത്തുന്നതിനോ കാലതാമസം വരുന്ന കേസുകളിൽ രോഗി കൈയ്യിൽ നിന്നും ചികിത്സയ്ക്കായി ചെലവാക്കിയ തുകയ്ക്ക് ചികിത്സിച്ച ഡോക്ടർ സാക്ഷ്യപ്പെടുത്തുന്ന രേഖകളും ബില്ലുകളുമനുസരിച്ച് തുക റീഇംബേഴ്സ്മെന്റായി നൽകിവരുന്നുണ്ട്. അടിയന്തിര ശസ്ത്രക്രിയയ്ക്കും, ചികിത്സയ്ക്കും ശേഷം സർക്കാരിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അടുത്ത സംസ്ഥാനതല കമ്മറ്റിയിൽ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം കാരുണ്യ ബെനവലന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്റർക്ക് നൽകുകയും, അഡ്മിനിസ്ട്രേറ്റർ അപേക്ഷയുടെ പ്രാഥമിക പരിശോധനയും ഡോക്ടർമാർ ഉൾപ്പെട്ട സബ്കമ്മിറ്റിയുടെ പരിശോധനയും പൂർത്തിയാക്കി സംസ്ഥാനതല കമ്മറ്റിക്ക് സമർപ്പിക്കുകയും ചെയ്യുന്നു. സബ്കമ്മിറ്റിയുടെ ശുപാർശയിന്മേൽ സംസ്ഥാനതല കമ്മിറ്റി ഉചിതമായ തീരുമാനം കൈക്കൊണ്ടുവരുന്നു. അർഹരായ രോഗികൾക്ക് ആനുകൂല്യം നിഷേധിക്കപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | അത്തരം കേസുകളിൽ അപേക്ഷ നൽകുന്നതിലെ കാലതാമസം ഇളവ് ചെയ്തു കൊടുക്കാൻ വ്യവസ്ഥ ചെയ്യുമോ? | |

സെക്ഷൻ ഓഫീസർ.